# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ എന്നിവരുടെ തിരഞ്ഞെടുപ്പ്.

- **ചോദ്യം: ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരെ തിരഞ്ഞെടുക്കുന്നതിനുള്ള യോഗം വിളിച്ച് കൂട്ടേണ്ടത് ആരാണ് ?**

ഉത്തരം: അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ എന്നിവരെ തിരഞ്ഞെടുക്കുവാനുള്ള യോഗം വിളിച്ചു കൂട്ടേണ്ടത് ബന്ധപ്പെട്ട വരണാധികാരിയാണ്.

- **ചോദ്യം: തിരഞ്ഞെടുപ്പ് നടത്തുവാനുള്ള യോഗം വിളിക്കുന്നതിന് എത്ര ദിവസം മുൻപ് നോട്ടീസ് നൽകണം ?**

ഉത്തരം: യോഗം നടത്തുന്ന തീയതി, സമയം, സ്ഥലം എന്നിവ കാണിച്ചുകൊണ്ടുള്ള നോട്ടീസ്, വരണാധികാരി ഏഴു പൂർണ്ണ ദിവസം മുമ്പെങ്കിലും അംഗങ്ങൾക്കു നൽകേണ്ടതാണ്. എന്നാൽ ഒരു പൊതുതിരഞ്ഞെടുപ്പിനുശേഷം ആദ്യമായി നടത്തുന്ന അദ്ധ്യക്ഷൻമാരുടെ തിരഞ്ഞെടുപ്പിന്റെ നോട്ടീസിന് മൂന്നു പൂർണ്ണദിവസങ്ങൾ മതിയാവും. പൂർണ്ണദിവസങ്ങൾ കണക്കാക്കുമ്പോൾ ഞായറാഴ്ചയും മറ്റു അവധി ദിവസങ്ങളും ഉൾപ്പെടേണ്ടതും യോഗ തീയതിയും നോട്ടീസ് നൽകിയ തീയതിയും ഒഴിവാക്കേണ്ടതുമാണ്.

- **ചോദ്യം: ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് ഒരു യോഗത്തിൽ വെച്ച് നടത്താമോ ?**

ഉത്തരം: അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിക്കുന്ന തീയതിയിലും സമയത്തുമാണ് നടത്തേണ്ടത്.

- **ചോദ്യം തിരഞ്ഞെടുപ്പ് നടത്തുവാനുള്ള യോഗത്തിന്റെ കോറം എത്രയാണ്?**

ഉത്തരം: അദ്ധ്യക്ഷൻമാരെയും ഉപാദ്ധ്യക്ഷൻമാരേയും തിരഞ്ഞെടുക്കുവാൻ വിളിച്ചു കൂട്ടുന്ന യോഗത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വോട്ടവകാശമുള്ള അംഗങ്ങളുടെ പകുതിയെങ്കിലും ഹാജരാകണം. എന്നാൽ അപ്രകാരം അംഗങ്ങൾ ഹാജരില്ലെങ്കിൽ യോഗം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്ത് അതേ സമയത്തേക്ക് മാറ്റി വെക്കേണ്ടതും അപ്രകാരം കൂടുന്ന യോഗത്തിൽ കോറം നോക്കാതെ തന്നെ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.

- **ചോദ്യം: അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ സ്ഥാനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിന് ആരെങ്കിലും നാമനിർദ്ദേശം നൽകേണ്ടതുണ്ടോ ?**

ഉത്തരം: അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ സ്ഥാനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒരംഗം/കൗൺസിലർ നാമനിർദ്ദേശം ചെയ്യേണ്ടതും മറ്റൊരംഗം/കൗൺസിലർ പിൻതാങ്ങേണ്ടതുമാണ്.

- **ചോദ്യം: അദ്ധ്യക്ഷ/ഉപാദ്ധ്യക്ഷ സ്ഥാനങ്ങളിലേയ്ക്ക് സ്ത്രീകൾ മത്സരിക്കുന്നതിലേയ്ക്ക് ആരെങ്കിലും നാമനിർദ്ദേശം നൽകേണ്ടതുണ്ടോ ?**

ഉത്തരം: സ്ത്രീകൾക്കോ, പട്ടികജാതി/പട്ടിക വിഭാഗത്തിൽപ്പെട്ടവർക്കോ, അവരിലെ സ്ത്രീകൾക്കോ, അദ്ധ്യക്ഷ/ഉപാദ്ധ്യക്ഷ സ്ഥാനങ്ങൾ സംവരണം ചെയ്തിട്ടുള്ള സംഗതിയിൽ ആസ്ഥാനത്തേയ്ക്ക് മത്സരിക്കുന്നവരെ ആരെങ്കിലും നാമനിർദ്ദേശം ചെയ്യണമെന്നോ, പിന്താങ്ങണമെന്നോ നിർബന്ധമില്ല.

- **ചോദ്യം:തിരഞ്ഞെടുപ്പ് യോഗത്തിൽ ഹാജരില്ലാത്ത ഒരംഗത്തിന് മത്സരിക്കാൻ കഴിയുമോ ?**

ഉത്തരം: മത്സരിക്കുന്ന അംഗം യോഗത്തിൽ ഹാജരില്ലെങ്കിൽ സ്ഥാനാർത്ഥിയാവാൻ സമ്മതിച്ചുകൊണ്ടുള്ള രേഖമൂലമുള്ള സമ്മതപത്രം ഹാജരാക്കേണ്ടതാണ്.

- **ചോദ്യം: അദ്ധ്യക്ഷ/ഉപാദ്ധ്യക്ഷ സ്ഥാനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/മെമ്പർ സ്ഥാനം രാജിവയ്ക്കേണ്ടതുണ്ടോ ?**

ഉത്തരം: രാജിവയ്ക്കേണ്ട ആവശ്യമില്ല. അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ ആയി തിരഞ്ഞെടുക്കപ്പെട്ടാൽ നേരത്തെ വഹിച്ചിരുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/അംഗം എന്നീ സ്ഥാനങ്ങൾ സ്വമേധയാ ഒഴിഞ്ഞതായി പരിഗണിക്കും.

- **ചോദ്യം:ബാലറ്റുപേപ്പറിന്റെ പുറകുവശത്ത് വോട്ടുചെയ്യുന്ന കൗൺസിലറിന്റെ/അംഗത്തിന്റെ പേരും, ഒപ്പും നിർബന്ധമാണോ?**

ഉത്തരം: നിർബന്ധമാണ്. പുറകുവശത്ത് പേരും, ഒപ്പും ഇല്ലാത്ത ബാലറ്റുപേപ്പറുകൾ തള്ളിക്കളയേണ്ടതാണ്.

- **ചോദ്യം: രണ്ടു സ്ഥാനാർത്ഥികൾ മാത്രം മത്സരിയ്ക്കുമ്പോൾ തുല്യ വോട്ട് വന്നാൽ വിജയിയെ പ്രഖ്യാപിക്കുന്നതെങ്ങനെ?**

ഉത്തരം: രണ്ടു സ്ഥാനാർത്ഥികൾക്കും തുല്യമായി വോട്ടു ലഭിക്കുന്ന സന്ദർഭത്തിൽ യോഗത്തിൽ വരണാധികാരി നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ നറുക്കെടുക്കപ്പെടുന്നത്, ആ ആൾ തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ടതുമാണ്.

- **ചോദ്യം: സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരു അംഗത്തിന്റേയും, ചെയർമാന്റേയും സ്ഥാനത്തുള്ള ഒഴിവ് ഏതു ക്രമത്തിലാണ് നികത്തേണ്ടത് ?**

ഉത്തരം: സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തന്റെ ചെയർമാൻ സ്ഥാനവും ആ കമ്മിറ്റിയിലെ അംഗത്വവും രാജിവെച്ചാൽ അംഗത്തിന്റെ തിരഞ്ഞെടുപ്പ് ആദ്യം നടത്തേണ്ടതും, ചെയർമാൻ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് പിന്നീട് നടത്തേണ്ടതുമാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗം ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗത്വം രാജിവെക്കുന്ന സംഗതിയിൽ ആ അംഗത്തിന്റെ സ്ഥാനം ഇടക്കാല തിരഞ്ഞെടുപ്പിലൂടെ നികത്തിയ ശേഷം മാത്രമേ ഒഴിവുണ്ടായ സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെ തിരഞ്ഞെടുപ്പ് നടത്താൻ കഴിയുകയുള്ളു.

- **ചോദ്യം: വോട്ട് എണ്ണിക്കഴിഞ്ഞപ്പോൾ മൂന്നുസ്ഥാനാർത്ഥികൾക്ക് 7,5,5 എന്നീ ക്രമത്തിൽ വോട്ടുകൾ കിട്ടി. എപ്രകാരമാണ് വിജയിയെ തീരുമാനിക്കുക ?**

ഉത്തരം: വിജയിക്കുന്ന സ്ഥാനാർത്ഥിക്ക് മറ്റെല്ലാ സ്ഥാനാർത്ഥികൾക്കും കൂടി കിട്ടിയ മൊത്തം വോട്ടിനേക്കാൾ കൂടുതൽ വോട്ട് കിട്ടിയിരിക്കണം. ആ കാരണത്താൽ ഇവിടെ എഴ് വോട്ട് കിട്ടിയ സ്ഥാനാർത്ഥി വിജയിക്കില്ല. അപ്പോൾ 5,5 എന്നീ ക്രമത്തിൽ വോട്ടുകൾ കിട്ടിയ സ്ഥാനാർത്ഥികളിൽ ഒരാളെ ഒഴിവാക്കുന്നതിനായി ആ വരണാധികാരി നറുക്കെടുപ്പ് നടത്തേണ്ടതും ആരുടെ പേരാണോ ആദ്യം നറുക്കെടുക്കപ്പെടുന്നത് ആ ആളിനെ ഒഴിവാക്കി വീണ്ടും വോട്ടെടുപ്പ് നടത്തേണ്ടതും അവരിൽ കൂടുതൽ വോട്ടുകൾ ലഭിച്ച സ്ഥാനാർത്ഥി വിജയിച്ചതായി പ്രഖ്യാപിക്കേണ്ടതുമാണ്.

- **ചോദ്യം:തിരഞ്ഞെടുക്കപ്പെടുന്ന ഔദ്യോഗിക ഭാരവാഹികൾ ആരുടെ മുമ്പിലാണ് സത്യപ്രതിജ്ഞ ചെയ്യേണ്ടത് ?**

ഉത്തരം: പ്രസിഡന്റ്,/ചെയർപേഴ്സൺ/മേയർ എന്നിവർ വരണാധികാരിയുടെ മുമ്പാകെയും, വൈസ് പ്രസിഡന്റ്/വൈസ് ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ എന്നിവർ അതാതു സംഗതിപോലെ പ്രസിഡന്റ്, ചെയർപേഴ്സൺ, മേയർ എന്നിവരുടെ മുമ്പാകെയുമാണ് സത്യപ്രതിജ്ഞ ചെയ്യേണ്ടത്.

- **ചോദ്യം:തിരഞ്ഞെടുക്കപ്പെട്ട ശേഷം അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേൽക്കാതിരുന്നാൽ എന്തെങ്കിലും അയോഗ്യതയുണ്ടോ ?**

ഉത്തരം: തിരഞ്ഞെടുക്കപ്പെട്ട ശേഷം മതിയായ കാരണങ്ങളില്ലാതെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷനോ ഉപാദ്ധ്യക്ഷനോ 15 ദിവസത്തിനകം സത്യപ്രതിജ്ഞ ചെയ്തു അധികാരം ഏറ്റെടുത്തില്ലെങ്കിൽ തൽസ്ഥാനം ഒഴിഞ്ഞതായി പ്രഖ്യാപിക്കുന്നതോടൊപ്പം അങ്ങനെയുള്ള ആൾ ഒരു പഞ്ചായത്തിലെ അംഗമായിരിക്കുന്നതിനും അയോഗ്യനാണ്. എന്നാൽ മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ ഒരു കൗൺസിലറായി തുടരുന്നതിന് അയോഗ്യത ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥയില്ല.

## <u>സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്</u>

- **ചോദ്യം: ഒരു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങളോ, ചെയർമാൻ സ്ഥാനങ്ങളോ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കു സംവരണം ചെയ്തിട്ടുണ്ടോ ?**

ഉത്തരം: സ്റ്റാന്റിംഗ് കമ്മിറ്റിയിലെയും അംഗങ്ങളുടെ സ്ഥാനങ്ങളോ, ചെയർമാൻ സ്ഥാനങ്ങളോ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടില്ല. എന്നാൽ ചില സ്റ്റാന്റിംഗ് കമ്മിറ്റികളിലെ അംഗത്തിന്റേയും, ചെയർമാന്റെയും സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

- **ചോദ്യം:പഞ്ചായത്ത് യോഗങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കാമോ ?**

ഉത്തരം: പാടില്ല. വരണാധികാരി, സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിനായി പ്രത്യേകം യോഗം വിളിച്ചു കൂട്ടണം.

- **ചോദ്യം:ഒരു പഞ്ചായത്തിലേയോ, മുനിസിപ്പാലിറ്റിയിലേയോ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം 5 ആണെങ്കിൽ 5 പേരെ അതിലേയ്ക്കു തിരഞ്ഞെടുത്തുകൂടെ ?**

ഉത്തരം: തിരഞ്ഞെടുക്കാം. എന്നാൽ, തദ്ദേശ്വയംഭരണ സ്ഥാപനങ്ങളിലെ വൈസ് പ്രസിഡന്റ്/ഡെപ്യൂട്ടി ചെയർപേഴ്സൺ/ഡെപ്യൂട്ടി മേയർ/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗവും ചെയർമാനും ആയതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണത്തിൽ ഒരംഗത്തെ കുറച്ച് തിരഞ്ഞെടുത്താൽ മതിയാവും. അതായത് 5 അംഗങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേയ്ക്ക് നാലും മറ്റെല്ലാ. സ്റ്റാന്റിംഗ് കമ്മിറ്റികളിലേയ്ക്ക് അഞ്ചും അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണ്.

- **ചോദ്യം:സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളേയും അവയുടെ ചെയർമാനേയും തിരഞ്ഞെടുക്കുവാനുള്ള യോഗത്തിന്റെ കോറം എത്രയാണ് ?**

ഉത്തരം: സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെയും ചെയർമാന്റേയും തിരഞ്ഞെടുപ്പിന് കോറമില്ല.

- **ചോദ്യം:സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുവാനുള്ള യോഗം രാവിലെ 11 മണിക്കും അതിന്റെ ചെയർമാൻ തിരഞ്ഞെടുപ്പിനുള്ള യോഗം ഉച്ച കഴിഞ്ഞ് 2 മണിക്കും നടത്തുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ ?**

ഉത്തരം: ഉണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് അഞ്ചു ദിവസത്തെ നോട്ടീസ് നൽകണം. അപ്രകാരം തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് 2 ദിവസം മുമ്പ് നോട്ടീസ് നൽകി മാത്രമേ ചെയർമാനെ തിരഞ്ഞെടുക്കുവാൻ കഴിയൂ, അതിനാൽ അതേ ദിവസം 2 മണിയ്ക്ക് യോഗം വിളിക്കുന്നത് നിയമവിരുദ്ധമാണ്.

- **ചോദ്യം:സ്റ്റാന്റിംഗ് കമ്മിറ്റിയിലെ സ്ത്രി സംവരണ സ്ഥാനത്തേയ്ക്ക് ഏതു രീതിയിലാണ് തിരഞ്ഞെടുപ്പ് നടത്തേണ്ടത് ?**

ഉത്തരം: സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമത്തിൽ ആദ്യം തിരഞ്ഞടുപ്പ് നടത്തണം.

## <u>അവിശ്വാസപ്രമേയം</u>

- **ചോദ്യം:തദ്ദേശ്വസയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷ/ഉപാദ്ധ്യക്ഷൻമാർക്കെതിരെ അവിശ്വാസം രേഖപ്പെടുത്തുന്ന നോട്ടീസ് നേരിട്ട് നൽകണമെന്നുണ്ടോ ?**

ഉത്തരം: തദ്ദേശ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സംഖ്യയുടെ മൂന്നിലൊന്നിൽ കുറയാതെയുള്ള അംഗങ്ങൾ ഒപ്പിട്ട നോട്ടീസ് പ്രമേയത്തിന്റെ പകർപ്പു സഹിതം അവരിലൊരാൾ, നേരിട്ട് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനു നൽകേണ്ടതാണ്,

- **ചോദ്യം:ഒരു പഞ്ചായത്തിലെ അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷനെതിരെയുള്ള അവിശ്വാസപ്രമേയത്തിന്റെ നോട്ടീസ് ലഭിച്ച് 15 പ്രവൃത്തി ദിവസം കഴിഞ്ഞ് വിളിച്ചു കൂട്ടുന്ന യോഗം നിയമാനുസൃതമാണോ ?**

ഉത്തരം: 15 പ്രവൃത്തി ദിവസത്തിനുശേഷം വിളിച്ചുകൂട്ടുന്ന യോഗം നിയമാനുസൃതമല്ല. (കേരള പഞ്ചായത്ത് രാജ് ആക്ട് 157(3)-ാം വകുപ്പ് (Kamaraddin V State Election Commission 2006(4) KLT 188)

- **ചോദ്യം;അവിശ്വാസപ്രമേയത്തിനുള്ള യോഗം വിളിക്കേണ്ടത് വരണാധികാരിയാണോ ?**

ഉത്തരം: അല്ല. ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും, ജില്ലാ പഞ്ചായത്തിന്റെയും മുനിസിപ്പൽ കോർപ്പറേഷന്റെയും കാര്യത്തിൽ ജില്ലാ കളക്ടറും, മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ മേഖലാ ജോയിന്റ് ഡയറക്ടറുമാണ് അവിശ്വാസ പ്രമേയത്തിനു യോഗം വിളിക്കുവാനും, യോഗനടപടികളെടുക്കുവാനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ.

- **ചോദ്യം:അവിശ്വാസപ്രമേയത്തിനുള്ള കോറം എത്രയാണ് ?**

ഉത്തരം: അദ്ധ്യക്ഷ/ഉപാദ്ധ്യക്ഷൻമാരുടെ കാര്യത്തിൽ ആ മുനിസിപ്പാലിറ്റിയിലെ അല്ലെങ്കിൽ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സംഖ്യയുടെ നേർ പകുതിയാണ് കോറം. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടെ കാര്യത്തിൽ ആ സ്റ്റാന്റിംഗ് കമ്മിറ്റിക്കു നിശ്ചയിച്ചിട്ടുള്ള അംഗങ്ങളുടെ സംഖ്യയുടെ നേർ പകുതിയായിരിക്കും. മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ കോറം വ്യവസ്ഥ ചെയതിട്ടില്ലെങ്കിലും ഇതേ രീതിയിൽ കോറം കണക്കാക്കാവുന്നതാണ്.

- **ചോദ്യം:പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ അനുമതിയോടുകൂടി അവധിയെടുത്തുപോയ ഒരംഗത്തിനോ, കൗൺസിലർക്കോ, അവിശ്വാസപ്രമേയത്തിന് അനുകൂലമായോ, പ്രതികൂലമായോ വോട്ടു ചെയ്യാമോ ?**

ഉത്തരം: വോട്ടു ചെയ്യാം.

- **ചോദ്യം:അവിശ്വാസം പാസ്സാകാൻ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷം മതിയോ ?**

ഉത്തരം: മതിയാകില്ല. തദ്ദേശസ്വയംഭരണസ്ഥാപനത്തിന് <u>അനുവദിച്ച ആകെ അംഗങ്ങളുടെ ഭൂരിപക്ഷം വേണം.</u>

- **ചോദ്യം:13 അംഗങ്ങളുള്ള ഒരു പഞ്ചായത്തിൽ രണ്ട് അംഗങ്ങൾ രാജിവെച്ചതുമൂലം ആ സ്ഥാനങ്ങൾ ഒഴിവാണ്. പ്രസിഡന്റിനെ തിരെയുള്ള അവിശ്വാസം പാസ്സാകാൻ 6 വോട്ടുകൾ മതിയാവുമോ ?**

ഉത്തരം: പോര. അവിശ്വാസം പാസ്സാകാൻ ആ പഞ്ചായത്തിന് അനുവദിക്കപ്പെട്ട അംഗങ്ങളുടെ ഭൂരിപക്ഷം വേണം. അപ്പോൾ നിലവിലുള്ള ഒഴിവുകൾ പരിഗണിക്കില്ല. ആ നിലയ്ക്ക് അവിശ്വാസം പാസ്സാകാൻ 7 വോട്ടുകൾ വേണം.

- **ചോദ്യം:അവിശ്വാസത്തിനുള്ള ബാലറ്റുപേപ്പറിന്റെ മുൻവശത്തു പേരും ഒപ്പും ഇട്ടാൽ ആ വോട്ടു അസാധുവായി പരിഗണിക്കുമോ ?**

ഉത്തരം: ഇല്ല. വോട്ടു ചെയ്ത ആളിനെ തിരിച്ചറിയാനാണ് പേരും, ഒപ്പും വേണമെന്നു പറയുന്നത്. ഒരാൾ ബാലറ്റുപേപ്പറിന്റെ മറുവശത്ത് പേരെഴുതി ഒപ്പിട്ടിട്ടുണ്ടെങ്കിൽ ആ വോട്ടു അസാധുവായി പരിഗണിക്കാൻ പാടില്ല. (Ahammed V Antony 2005 (4) KLT 361)

- **ചോദ്യം:പുതിയതായി തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ എന്നിവരുടെ പേരിൽ അവിശ്വാസ പ്രമേയം കൊണ്ടു വരാമോ ?**

ഉത്തരം: പുതുതായി അധികാരം ഏറ്റെടുക്കുന്ന അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ എന്നിവരുടെ പേരിൽ അവർ അധികാരം ഏറ്റെടുത്ത തീയതി മുതൽ 6 മാസക്കാലയളവിൽ അവിശ്വാസപ്രമേയം കൊണ്ടു വരാൻ പാടില്ല. ഒരു തവണ അവിശ്വാസം പരാജയപ്പെടുകയോ ക്വാറം ഇല്ലാത്തതിനാൽ നടത്താൻ കഴിയാതെ വരുകയോ ചെയ്യുന്ന പക്ഷം ആറു മാസക്കാലയളവിനുശേഷമേ വീണ്ടും അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ പാടുള്ളു.

- **ചോദ്യം:ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ ഉപാദ്ധ്യക്ഷനെതിരെയുള്ള അവിശ്വാസം പാസ്സായി. ആ ആൾക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനായി തുടരാൻ കഴിയുമോ ?**

ഉത്തരം: ഉപാദ്ധ്യക്ഷൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗവും ചെയർമാനുമാണ്. ഉപാദ്ധ്യക്ഷ സ്ഥാനം അവിശ്വാസത്തിലൂടെ നഷ്ടമായാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനായോ, അംഗമായോ തുടരാൻ കഴിയില്ല.

- **ചോദ്യം:അവിശ്വാസപ്രമേയം സംബന്ധിച്ച് നടക്കുന്ന യോഗത്തിൽ പോലീസ് ഉദ്യോഗസ്ഥർക്കു പ്രവേശനം അനുവദിക്കാമോ ?**

ഉത്തരം: അവിശ്വാസപ്രമേയത്തിനുള്ള യോഗം വിളിക്കുന്ന അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതിയില്ലാതെ യോഗ ഹാളിലേയ്ക്ക് ആർക്കും പ്രവേശനമില്ല.

- **ചോദ്യം:20 അംഗങ്ങളുള്ള ഒരു പഞ്ചായത്തിൽ 11 പേർ ചേർന്ന് അവിശ്വാസപ്രമേയത്തിന് നോട്ടീസ് നൽകി. ഈ 11 പേർ യോഗത്തിന് ഹാജരായി. എന്നാൽ ബാക്കി 9 പേർ ഹാജരായില്ല. അവിശ്വാസപ്രമേയത്തെ അനുകൂലിച്ച് 11 പേർ കൂട്ടായി ശബ്ദ വോട്ടോടെ അവിശ്വാസപ്രമേയം പാസ്സാക്കി. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അവിശ്വാസപ്രമേയം പാസ്സായതായി പ്രഖ്യാപിച്ചു. ഈ നടപടി ശരിയാണോ ?**

ഉത്തരം: അല്ല. അവിശ്വാസപ്രമേയം ആക്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം വോട്ടിനിടേണ്ടതാണ്. വോട്ടിംഗിലൂടെയാണ് അവിശ്വാസം പാസ്സായോ ഇല്ലയോ എന്ന് തീരുമാനിക്കേണ്ടത്.

- **ചോദ്യം:അവിശ്വാസത്തിലൂടെ പുറത്തായ ആളിന് ആ സ്ഥാനത്തേയ്ക്ക് വീണ്ടും മത്സരിക്കാമോ ?**

ഉത്തരം: അവിശ്വാസത്തിലൂടെ പുറത്തായ ആളിന് വീണ്ടും ആ സ്ഥാനത്തേയ്ക്ക് മത്സരിക്കുന്നതിന് തടസ്സമില്ല.

- **ചോദ്യം:ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ഒരു മുനിസിപ്പാലിറ്റിയിൽ ചെയർപേഴ്സണെ അവിശ്വാസത്തിലൂടെ പുറത്താക്കിയാൽ അപ്രകാരം പുറത്താക്കപ്പെട്ട സ്ത്രീക്ക് വീണ്ടും മത്സരിക്കാമോ ?**

ഉത്തരം: ചെയർപേഴ്സൺ സ്ഥാനം സംവരണം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും അവിശ്വാസത്തിലൂടെ പുറത്താക്കപ്പെടുന്ന ആൾക്ക് വീണ്ടും മത്സരിക്കുന്നതിന് തടസ്സമില്ല.

- **ചോദ്യം: സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനിൽ അവിശ്വാസം രേഖപ്പെടുത്താമോ ?**

ഉത്തരം: ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയൊഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കെതിരെ അവിശ്വാസം രേഖപ്പെടുത്താവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അദ്ധ്യക്ഷൻ/ഉപാദ്ധ്യക്ഷൻ എന്നിവർക്കെതിരെ അവിശ്വാസം രേഖപ്പെടുത്തുന്നതിന് സ്വീകരിയ്ക്കുന്ന നടപടിക്രമമാണ് ഇവിടെയും പിന്തുടരേണ്ടത്.

## സമ്മതിദായകരുടെ രജിസ്ട്രേഷൻ

**ചോദ്യം: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിൽ വോട്ടറായി രജിസ്റ്റർ ചെയ്യുവാനുള്ള യോഗ്യത എന്താണ് ?**

ഉത്തരം: വോട്ടർ പട്ടികയിൽ പേര് ചേർക്കാനുദ്ദേശിക്കുന്ന വർഷം ജനുവരി 1-ാം തീയതി 18 വയസ്സ് പൂർത്തീകരിക്കുകയും കേരളത്തിലെ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനാതിർത്തിക്കുള്ളിൽ സാധാരണ താമസക്കാരനായിരിക്കുകയും ചെയ്യുന്ന ഏതൊരു ഭാരത പൗരനും, മറ്റു വിധത്തിൽ അയോഗ്യതയില്ലെങ്കിൽ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കാവുന്നതാണ്.

**ചോദ്യം: വോട്ടർ പട്ടിക പുതുക്കുന്ന വർഷത്തിൽ ഒരാൾ ഒരു മുനിസിപ്പാലിറ്റിയുടേയും, ഒരു ഗ്രാമപഞ്ചായത്തിന്റേയും അതിർത്തിക്കുള്ളിലും തുടർച്ചയായി താമസിച്ചു. അപ്രകാരം താമാസിച്ച മുനിസിപ്പാലിറ്റിയിലെയും ഗ്രാമപഞ്ചായത്തിലെയും വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ ?**

ഉത്തരം: ഉണ്ട്. ഒരാൾ ഒന്നിലധികം നിയോജകമണ്ഡലങ്ങളിലെ വോട്ടർ പട്ടികയിൽ പേരു ചേർക്കുവാനോ, ഒരു നിയോജക മണ്ഡലത്തിൽ ഒന്നിലധികം പ്രാവശ്യം പേരു ചേർക്കുവാനോ പാടില്ല. അതിനാൽ ഒരാൾ ഒരു മുനിസിപ്പാലിറ്റിയിലെയും ഒരു ഗ്രാമപഞ്ചായത്തിലെയും വോട്ടർ പട്ടികയിൽ ഒരേ സമയം പേരു ചേർക്കുവാൻ പാടില്ല.

**ചോദ്യം: വോട്ടർ പട്ടികയിൽ പേരു ചേർക്കുവാൻ ആർക്കാണ് അപേക്ഷ നൽകേണ്ടത് ?**

ഉത്തരം: ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും അതിന്റെ സെക്രട്ടറിമാരാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ. അവർക്കാണ് അപേക്ഷ നൽകേണ്ടത്. എന്നാൽ മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യത്തിൽ അഡീഷണൽ സെക്രട്ടറിയ്ക്കാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ചുമതല. മുകളിൽ പറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും പേരു ചേർക്കാനുള്ള അപേക്ഷ സ്വീകരിയ്ക്കാവുന്നതാണ്.

**ചോദ്യം: ഏതെല്ലാം സമയങ്ങളിൽ വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ അപേക്ഷ നൽകാവുന്നതാണ് ?**

ഉത്തരം: വർഷത്തിൽ ഏതു ദിവസവും പട്ടികയിൽ പേര് ചേർക്കാം. എന്നാൽ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ടെങ്കിൽ നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്ന അവസാന ദിവസത്തിനു പത്ത് ദിവസം മുമ്പ് വരെ സമർപ്പിക്കുന്ന അപേക്ഷകളിൽന്മേൽ മാത്രം നടപടി സ്വീകരിക്കുന്നതും അതിനുശേഷം ലഭിക്കുന്ന അപേക്ഷകളിന്മേൽ തിരഞ്ഞെടുപ്പ് പൂർത്തിയായതിനുശേഷം മാത്രം നടപടി സ്വീകരിക്കുന്നതുമാണ്. വോട്ടർ പട്ടിക പുതുക്കുന്ന തിന് നിശ്ചയിച്ച സമയക്രമം നിലവിലുള്ള സമയത്ത് പേരു ചേർക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞു നൽകുന്ന അപേക്ഷകൾ ഡ്യൂപ്ലിക്കേറ്റു സഹിതം 2 രൂപയുടെ ഫീസടക്കം നൽകേണ്ടതാണ്.

**ചോദ്യം: മേൽപറഞ്ഞ ഫീസ് എങ്ങനെ അടയ്ക്കാവുന്നതാണ് ?**

ഉത്തരം: നോൺ-ജുഡീഷ്യൽ സ്റ്റാമ്പ് ആയോ കോർട്ട് ഫീ സ്റ്റാമ്പ് ആയോ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ ട്രഷറിയിൽ "0030-02-സ്റ്റാമ്പ്-നോൺ-ജുഡീഷ്യൽ-102-സെയിൽ ഓഫ് സ്റ്റാമ്പ്സ്" എന്ന ശീർഷകത്തിൽ ഒടുക്കിയ ശേഷം ചെല്ലാൻ ഹാജരാക്കിയോ അല്ലെങ്കിൽ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഓഫീസിൽ പണമടച്ചോ നൽകാവുന്നതാണ്.

**ചോദ്യം: വോട്ടർ പട്ടികയിൽ പെരു ചേർക്കുന്നതിനുള്ള അപേക്ഷയിൽ അപേക്ഷകനല്ലാതെ മറ്റാരെങ്കിലും ഒപ്പിടേണ്ടതുണ്ടോ ?**

ഉത്തരം: ഉണ്ട്. അപേക്ഷകൻ ഉൾപ്പെടാൻ ആഗ്രഹിക്കുന്ന വോട്ടർ പട്ടികയിൽ നിലവിൽ പേര് ഉൾപ്പെട്ടിട്ടുള്ള മറ്റൊരു വ്യക്തി പിന്താങ്ങുകയും മേലൊപ്പ് വെക്കുകയും വേണം.

**ചോദ്യം: വോട്ടർ പട്ടികയിൽ ഒരാളുടെ പേര് ഉൾപ്പെട്ടതിനെതിരെ ആർക്കാണ് അപേക്ഷ കൊടുക്കാൻ അർഹത ?**

ഉത്തരം: ഉന്നയിക്കപ്പെട്ട വ്യക്തിയുടെ പേരുള്ള പട്ടികയിൽ പേരു ഉൾപ്പെട്ടിട്ടുള്ള ഒരാൾക്കു മാത്രമേ അക്ഷേപം ഉന്നയി ക്കാൻ സാധിക്കൂ. കൂടാതെ ആക്ഷേപം ഉന്നയിക്കപ്പെട്ട പേരു കാണുന്ന വോട്ടർ പട്ടികയിൽ ഉൾപ്പെടുത്ത പ്പെട്ടിട്ടുള്ള മറ്റൊരാൾ പിന്താങ്ങുകയും മേലൊപ്പു വെക്കുകയും വേണം.

**ചോദ്യം: വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനും ആക്ഷേപം ഉന്നയിക്കുന്നതിനും തന്നെ സംബന്ധിക്കുന്ന വോട്ടർ പട്ടിക യിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനുമുള്ള അപേക്ഷ ഫാറങ്ങൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ നൽകുന്ന ഫാറങ്ങളിൽ മാത്രമേ സമർപ്പിക്കുവാൻ പാടുള്ളുവോ ?**

ഉത്തരം: അധികാരികൾ നൽകുന്ന അച്ചടിച്ച ഫോറങ്ങളിൽ മാത്രമെ അവകാശവാദങ്ങളും ആക്ഷേപങ്ങളും ബോധിപ്പി ക്കുവാൻ പാടുള്ളു എന്ന് നിർബന്ധമില്ല. അവ ടൈപ്പ് ചെയ്തോ സൈക്ലോ സ്റ്റൈൽ ചെയ്തോ ഫോട്ടോ കോപ്പി എടുത്തോ തയ്യാറാക്കുന്ന ഫോറത്തിലും സമർപ്പിക്കാവുന്നതാണ്.

**ചോദ്യം: വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനു രാഷ്ട്രീയ പാർട്ടികൾ ഒന്നിച്ചു സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുമോ ?**

ഉത്തരം: വോട്ടർ പട്ടികയിൽ പേരു ചേർക്കലും വോട്ടർ പട്ടികയിൽ നിന്നും പേരു നീക്കം ചെയ്യലും ഒരാളുടെ വ്യക്തി പരമായ അവകാശമാണ്. രാഷ്ട്രീയ പാർട്ടികൾക്ക് അതിനു അവകാശമില്ലാത്തതിനാൽ രാഷ്ട്രീയ കക്ഷികൾ സമർപ്പിക്കുന്ന വോട്ടർമാരുടെ അപേക്ഷകൾ സ്വീകരിക്കില്ല. എന്നാൽ ഒരു കുടുംബത്തിലെ അംഗങ്ങളുടെ അപേക്ഷകൾ ഒരുമിച്ച് ആ കുടുംബത്തിലെ ഒരംഗം നൽകിയാൽ സ്വീകരിക്കാം.

**ചോദ്യം: വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനുള്ള അപേക്ഷ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ നിരസിച്ചൽ ആർക്കാണ് അപ്പീൽ നൽകേണ്ടത് ?**

ഉത്തരം: വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച സമയക്രമം നിലവിലുള്ളപ്പോൾ സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എടുക്കുന്ന തീരുമാനത്തിനെതിരെ അപ്പീൽ സമർപ്പിക്കേണ്ടത് പഞ്ചായത്ത് വോട്ടർ പട്ടികയുടെ കാര്യത്തിൽ ആ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കുമാണ്. അതിനു 2 രൂപ ഫീസ് നൽകേണ്ടതാണ്. അല്ലാത്ത സമയങ്ങളിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ എടുത്ത തീരുമാനത്തിനെതിരെ അപ്പീൽ സമർപ്പിക്കേണ്ടത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടർക്കാണ്. ഇതിനു അപ്പീൽ ഫീസായി 10 രൂപ നൽകേണ്ടതാണ്.